ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

## പ്രാദേശിക വാർത്തകൾ

**TIME: 06.30 PM** **DATE:10.04.2025**

## പ്രധാനവാർത്തകൾ

1. രാജ്യത്ത് പ്രാബല്യത്തിൽ വന്ന വഖഫ് ഭേദഗതി നിയമത്തിന്റെ ഭരണഘടനാ സാധുത ചോദ്യം ചെയ്യുന്ന ഹർജികൾ സുപ്രീം കോടതി ഈ മാസം 16ന് പരിഗണിക്കും.
2. മുംബൈ ഭീകരാക്രമണക്കേസ് പ്രതി തഹാവൂർ റാണയ്ക്ക് കഠിന ശിക്ഷ ഉറപ്പാക്കുമെന്ന് കേന്ദ്ര മന്ത്രി പീയുഷ് ഗോയൽ; റാണയെ അല്പസമയത്തിനകം ഡൽഹിയിലെത്തിക്കും.
3. ലഹരി വിരുദ്ധ ക്യാമ്പെയ്ൻ ശക്തിപ്പെടുത്തുന്നതിൻറെ ഭാഗമായി ബുധനാഴ്ച സർവ്വകക്ഷിയോഗം വിളിച്ച് സംസ്ഥാന സർക്കാർ.
4. സാങ്കേതികവിദ്യയിലൂടെ പൗര കേന്ദ്രീകൃത സേവനങ്ങൾ നവീകരിക്കുകയാണ് സർക്കാർ ലക്ഷ്യമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ; കെ സ്മാർട്ട് സംവിധാനം ഇനി മുതൽ ത്രിതല പഞ്ചായത്തുകളിലും.
5. പൂക്കോട് വെറ്ററിനറി കോളജിലെ സിദ്ധാർത്ഥന്റെ മരണത്തിൽ പ്രതികളായ 19 വിദ്യാർത്ഥികളെ പുറത്താക്കി കേരള വെറ്ററിനറി സർവകലാശാല

RNU TVPM

6. പ്രഥമ ഓൾ ഇന്ത്യ പോലീസ് ബാഡ്മിൻറൺ, ടേബിൾ ടെന്നിസ് മത്സരങ്ങൾക്ക് നാളെ കൊച്ചിയിൽ തുടക്കം; ഐ പി എൽ ക്രിക്കറ്റിൽ ഇന്ന് റോയൽ ചലഞ്ചേഴ്സ് ബംഗളുരു ഡൽഹി ക്യാപിറ്റൽസ് പോരാട്ടം.

&&&&&&&&&&&&&&&&&&&

രാഷ്ട്രപതി - സന്ദർശനം

¬സ്ലോവാക്യ സന്ദർശിക്കുന്ന രാഷ്ട്രപതി ദ്രൗപദി മുർമു ബ്രാറ്റിസ്ലാവയിലെ വിദേശകാര്യ മന്ത്രാലയത്തിൽ നടന്ന സ്ലോവാക്- ഇന്ത്യ ബിസിനസ് ഫോറം ഉദ്ഘാടനം ചെയ്തു. ബിസിനസ് രംഗത്തെ പരസ്പര പങ്കാളിത്തത്തിനുള്ള മികച്ച അവസരം ഈ ബിസിനസ് ഫോറം നൽകുന്നുവെന്ന് രാഷട്രപതി മുർമു പറഞ്ഞു.

RNU TVPM

&&&&&&&&&&&&&&&&&&&

മുംബൈ-റാണ

¬ മുംബൈ ഭീകരാക്രമണക്കേസ് പ്രതി തഹാവൂർ റാണയെ ഇന്ന് ഡൽഹിയിലെത്തിക്കും. ഇതേ തുടർന്ന് എൻഐഎ ആസ്ഥാനത്തും പട്യാല കോടതിയിലും ദേശീയ തലസ്ഥാനത്തെ മറ്റ് പ്രദേശങ്ങളിലും സുരക്ഷ ശക്തമാക്കിയിട്ടുണ്ട്. പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ ദൃഢനിശ്ചയമാണ് മുംബൈ ആക്രമണക്കേസിലെ പ്രതിയെ ഇന്ത്യയിലേക്ക് കൊണ്ടുവരുന്നതെന്നും പ്രതിക്ക് കഠിന

ശിക്ഷ ഉറപ്പാക്കുമെന്നും കേന്ദ്രമന്ത്രി പിയൂഷ് ഗോയൽ സമൂഹമാധ്യമത്തിൽ കുറിച്ചു.

&&&&&&&&&&&&&&&&&&&

വഖഫ് -സുപ്രീം കോടതി

രാജ്യത്ത് ചൊവ്വാഴ്ച മുതൽ പ്രാബല്യത്തിൽ വന്ന വഖഫ് ഭേദഗതി നിയമത്തിന്റെ ഭരണഘടനാ സാധുത ചോദ്യം ചെയ്യുന്ന ഹർജികൾ സുപ്രീം കോടതി ഈ മാസം 16 ന് പരിഗണിക്കും. ചീഫ് ജസ്റ്റിസ് സഞ്ജീവ് ഖന്ന, ജസ്റ്റിസുമാരായ സഞ്ജയ് കുമാർ, കെ വി വിശ്വനാഥൻ എന്നിവരടങ്ങിയ ബെഞ്ചാണ് കേസ് പരിഗണിക്കുക. ഇതുസംബന്ധിച്ച് കേന്ദ്ര സർക്കാർ ഇന്നലെ സുപ്രീം കോടതിയിൽ തടസ ഹർജി ഫയൽ ചെയ്തിരുന്നു.

RNU TVPM

&&&&&&&&&&&&&&&&&&&

കെ-സ്മാർട്ട്- മുഖ്യമന്ത്രി

കാലത്തിനനുസൃതമായി സാങ്കേതികവിദ്യയിലൂടെ പൗര കേന്ദ്രീകൃത സേവനങ്ങൾ നവീകരിക്കുകയാണ് സർക്കാർ ലക്ഷ്യമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ. ശാസ്ത്രവും സാങ്കേതികവിദ്യകളും മനുഷ്യനന്മക്കും സാമൂഹ്യ പരിവർത്തനത്തിനും ഉതകുന്നതാകണമെന്നും മുഖ്യമന്ത്രി പറഞ്ഞു. തദ്ദേശ സ്വയംഭരണ വകുപ്പ് തയ്യാറാക്കിയ ഓൺലൈൻ സേവനം- കെ-സ്മാർട്ട് ത്രിതല പഞ്ചായത്തുകളിൽ വിന്യസിക്കുന്നതിന്റെ സംസ്ഥാനതല

ഉദ്ഘാടനം നിർവഹിക്കുകയായിരുന്നു അദ്ദേഹം. കെ-സ്മാർട്ടിലൂടെ 900ൽ അധികം സർക്കാർ സേവനങ്ങളാണ് ലഭ്യമാകുന്നത്. രണ്ടാംഘട്ടമായി 941 ഗ്രാമ പഞ്ചായത്തുകളിലേക്കും 152 ബ്ലോക്ക് പഞ്ചായത്തുകളിലേക്കും 14 ജില്ലാ പഞ്ചായത്തുകളിലേക്കുമാണ് കെ-സ്മാർട്ട് സേവനം വ്യാപിപ്പിക്കുന്നതെന്നും മുഖ്യമന്ത്രി വ്യക്തമാക്കി.

&&&&&&&&&&&&&&&&&&

**മന്ത്രി കെ എൻ ബാലഗോപാൽ**

സംസ്ഥാനത്തെ ത്രിതല പഞ്ചായത്തുകൾക്കും നഗരസഭകൾക്കുമായി 2228.30 കോടി രൂപ അനുവദിച്ചതായി ധനകാര്യ മന്ത്രി കെ എൻ ബാലഗോപാൽ അറിയിച്ചു. ഇതോടെ ഈ മാസം തന്നെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ഈ സാമ്പത്തിക വർഷത്തെ പദ്ധതി പ്രവർത്തനങ്ങളുടെ നിർവഹണത്തിലേക്ക് കടക്കാനാകും.

RNUTVPM

&&&&&&&&&&&&&&&&&&

**മന്ത്രി എം.ബി രാജേഷ് ( ഇൻട്രോ )**

സംസ്ഥാനത്ത് ഡ്രൈ ഡേ പൂർണ്ണമായി ഒഴിവാക്കാൻ സർക്കാർ ഉദ്ദേശിച്ചിട്ടില്ലെന്ന് എക്സൈസ് മന്ത്രി എം.ബി രാജേഷ്. മദ്യനയം സംബന്ധിച്ച മാധ്യമങ്ങളുടെ

ചോദ്യങ്ങളോട് പ്രതികരിക്കുകയായിരുന്നു അദ്ദേഹം. മദ്യത്തിന്റെ വ്യവസായ സാധ്യത മാത്രമാണ് സർക്കാർ കണക്കിലെടുക്കുന്നതെന്നും മന്ത്രി പറഞ്ഞു.

( വോയിസ്.... )

&&&&&&&&&&&&&&&&&&

ലഹരി - സർവ്വകക്ഷി യോഗം

സംസ്ഥാനത്ത് ലഹരി വിരുദ്ധ ക്യാമ്പെയ്ൻ ശക്തിപ്പെടുത്തുന്നതിൻറെ ഭാഗമായി ഈ മാസം 16 ന് സംസ്ഥാന സർക്കാർ സർവ്വകക്ഷിയോഗം വിളിച്ചു ചേർത്തു. ഇതിനു മുന്നോടിയായി അതേദിവസം മതമേലദ്ധ്യക്ഷൻമാരുടെ യോഗം വിളിച്ചുചേർക്കും. രണ്ട് യോഗങ്ങളും ഓൺലൈനായാണ് ചേരുക.

RNU TVPM

&&&&&&&&&&&&&&&&&&

പൂക്കോട്-സർവകലാശാല

പൂക്കോട് വെറ്റിനറി കോളജിലെ സിദ്ധാർത്ഥന്റെ മരണത്തിൽ പ്രതികളായ 19 വിദ്യാർത്ഥികളെ പുറത്താക്കി കേരള വെറ്ററിനറി സർവകലാശാല.

വിദ്യാർഥികൾക്ക് മറ്റു ക്യാമ്പസുകളിൽ പ്രവേശനം നൽകിയത് ചോദ്യം ചെയ്തു സിദ്ധാർത്ഥന്റെ അമ്മ

സമർപ്പിച്ച ഹർജിയിലാണ് സർവകലാശാല ഇക്കാര്യം കോടതിയെ അറിയിച്ചത്.

അന്വേഷണത്തെ തുടർന്ന് വിദ്യാർത്ഥികൾ കുറ്റക്കാരാണെന്ന് കണ്ടെത്തിയതായും സർവകലാശാല അറിയിച്ചു.

&&&&&&&&&&&&&&&&&&&

**മന്ത്രി പി രാജീവ് – തോട്ടം മേഖല**

തോട്ടം മേഖലയെ പുനരുജ്ജീവിപ്പിക്കുന്നത് ലക്ഷ്യമിട്ടുള്ളതാണ് സംസ്ഥാന സർക്കാരിന്റെ നയമെന്ന് വ്യവസായ മന്ത്രി പി രാജീവ്. ഇതിനായി ഐഐഎം കാലിക്കറ്റിൻറെ പഠനശുപാർശകൾ അടിസ്ഥാനമാക്കി തയ്യാറാക്കിയ കരട് നയം സംസ്ഥാന മന്ത്രിസഭയുടെ പരിഗണനയിലാണെന്നും മന്ത്രി പറഞ്ഞു. വ്യവസായ വകുപ്പിൻറെ കീഴിലുള്ള പ്ലാൻറേഷൻ ഡയറക്ടറേറ്റിൻറെ ഓഫീസ് തിരുവനന്തപുരത്ത് ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. പൂട്ടിക്കിടക്കുന്ന തോട്ടങ്ങളെ പുനരുജ്ജീവിപ്പിക്കുന്നത് ചർച്ച ചെയ്യുന്നതിനായി പ്രത്യേക യോഗം വിളിക്കുമെന്നും മന്ത്രി അറിയിച്ചു.

&&&&&&&&&&&&&&&&&&&

**ആശാവർക്കർമാരുടെ സമരം**

RNUTVPM

വിവിധ ആവശ്യങ്ങൾ ഉന്നയിച്ച് തിരുവനന്തപുരത്ത് സെക്രട്ടേറിയറ്റിന് മുന്നിൽ ആശാവർക്കർമാർ നടത്തുന്ന സമരം 60-ാം ദിവസത്തിൽ. ഇതോടനുബന്ധിച്ചുള്ള നിരാഹാര സമരം 22-ാം ദിവസത്തിലേയ്ക്കും കടന്നു. കേരളം ആശമാരോടൊപ്പം എന്ന പേരിൽ ഈ മാസം 12 ന് പൗരസംഗമം സംഘടിപ്പിക്കുമെന്നും ആവശ്യങ്ങൾ അംഗീകരിക്കുന്നതുവരെ സമരം തുടരുമെന്നും സമര നേതാക്കൾ വാർത്താ സമ്മേളനത്തിൽ പറഞ്ഞു. അതേസമയം ആശാ പ്രവർത്തകരുടെ സമരം എത്രയുംവേഗം പരിഹരിക്കപ്പെടണമെന്ന് സിപിഐ-എം ജനറൽ സെക്രട്ടറി എം.എ ബേബി കൊല്ലത്ത് പറഞ്ഞു.

RNU TVPM

&&&&&&&&&&&&&&&&&&

**കൂടൽമാണിക്യം നിയമനം**

തൃശൂർ ഇരിങ്ങാലക്കുടയിലെ കൂടൽമാണിക്യം ക്ഷേത്രത്തിൽ കഴകം തസ്തികയിലേക്ക് നിയമനത്തിനുള്ള നടപടി തുടങ്ങിയതായി ദേവസ്വം റിക്രൂട്ട്മെന്റ് ചെയർമാൻ കെ ബി മോഹൻദാസ്. ജാതി വിവേചന ആരോപണത്തെ തുടർന്ന് ബി.എ ബാലു രാജിവെച്ച ഒഴിവിലേക്കാണ് പുതിയ നിയമനം. പട്ടികയിൽ അടുത്ത സ്ഥാനക്കാരനായ ഉദ്യോഗാർത്ഥിയുടെ നിയമനത്തിനുള്ള നടപടി ആരംഭിച്ചു.

&&&&&&&&&&&&&&&&&&

**ശ്രീപദ്മനാഭസ്വാമി (ഇൻട്രോ)**

ശ്രീപദ്മനാഭസ്വാമി ക്ഷേത്രത്തിലെ പൈങ്കുനി ഉത്സവത്തോടനുബന്ധിച്ചുള്ള പള്ളിവേട്ട ഇന്ന് നടക്കും.

സുന്ദരവിലാസം കൊട്ടാരത്തിനു മുന്നിൽ തയ്യാറാക്കുന്ന വേട്ടക്കളത്തിലാണ് പള്ളിവേട്ട. നാളെ വൈകുന്നേരം അഞ്ച് മണിയോടെ ആറാട്ട് ചടങ്ങുകൾ ആരംഭിക്കും.

വിശദാംശങ്ങളുമായി ആകാശവാണി തിരുവനന്തപുരം ജില്ലാ പ്രതിനിധി രെജു കോലിയക്കോട്........

(വോയിസ്)

&&&&&&&&&&&&&&&&&&&

**ശബരിമല**

പൈങ്കുനി ഉത്രം ഉത്സവത്തിൻറെ ഭാഗമായി ശബരിമലയിൽ ഇന്ന് പള്ളിവേട്ട നടക്കും. ശ്രീഭൂതബലി, വിളക്കെഴുന്നള്ളിപ്പ് എന്നിവ പൂർത്തിയാക്കിയാണ് പള്ളിവേട്ടയ്ക്ക് പുറപ്പെടുക. പമ്പയിൽ നാളെ ആറാട്ടും നടക്കും.

&&&&&&&&&&&&&&&&&&&

**ഐ.പി.എൽ**

RNU TVPM

ഐ.പി.എൽ ക്രിക്കറ്റിൽ ഇന്ന് റോയൽ ചലഞ്ചേഴ്സ് ബംഗളുരു , ഡൽഹി ക്യാപിറ്റൽസുമായി ഏറ്റുമുട്ടും. രാത്രി 7.30 നാണ് മത്സരം.

&&&&&&&&&&&&&&&&&&

ബാഡ്മിൻറൺ ടേബിൾ ടെന്നിസ് മത്സരങ്ങൾ

കേരള പോലീസ് ആതിഥേയത്വം വഹിക്കുന്ന പ്രഥമ ഓൾ ഇന്ത്യ പോലീസ് ബാഡ്മിൻറൺ , ടേബിൾ ടെന്നിസ് മത്സരങ്ങൾക്ക് കൊച്ചിയിലെ രാജീവ് ഗാന്ധി ഇൻഡോർ സ്റ്റേഡിയത്തിൽ നാളെ തുടക്കമാകും. ചൊവ്വാഴ്ട വരെ നടക്കുന്ന മത്സരങ്ങളുടെ ഉദ്ഘാടനം നാളെ വൈകിട്ട് മുഖ്യമന്ത്രി പിണറായി വിജയൻ നിർവഹിക്കും.

RNU TVPM

&&&&&&&&&&&&&&&&&&

കാലാവസ്ഥ

സംസ്ഥാനത്ത് ഇന്നും നാളെയും ഒറ്റപ്പെട്ടയിടങ്ങളിൽ ഇടിമിന്നലോടു കൂടിയ ശക്തമായ മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. തിരുവനന്തപുരം, വയനാട്, കണ്ണൂർ ജില്ലകളിൽ ഇന്ന് മഞ്ഞ ജാഗ്രതാ നിർദ്ദേശം നൽകിയിട്ടുണ്ട്. ശക്തമായ കാറ്റിനും മോശം കാലാവസ്ഥയ്ക്കും സാധ്യതയുള്ളതിനാൽ ലക്ഷദ്വീപ് പ്രദേശത്ത് ഇന്ന് മത്സ്യബന്ധനത്തിന് പോകാൻ പാടില്ലെന്ന് മുന്നറിയിപ്പുണ്ട്. അതേസമയം കള്ളക്കടൽ

പ്രതിഭാസത്തിന്റെ ഭാഗമായി നാളെ രാത്രി വരെ കന്യാകുമാരി തീരത്ത് ഉയർന്ന തിരമാലയ്ക്കും കടലാക്രമണത്തിനും സാധ്യതയുണ്ടെന്ന് ദേശീയ സമുദ്ര സ്ഥിതി പഠന ഗവേഷണ കേന്ദ്രം മുന്നറിയിപ്പ് നൽകി.

&&&&&&&&&&&&&&&&&&

**ഇടുക്കി – മരണം**

ഇടുക്കി ഉപ്പുതറയിൽ ഒരു കുടുംബത്തിലെ നാലു പേരെ മരിച്ച നിലയിൽ കണ്ടെത്തി . ഉപ്പുതറ പട്ടത്തമ്പലം സജീവ് മോഹനനും, ഭാര്യയും നാലും ആറും വയസ്സുള്ള രണ്ട് മക്കളുമാണ് മരിച്ചത്. ഉപ്പുതറ പോലീസ് അന്വേഷണം ആരംഭിച്ചു.

RIJU TVPM

&&&&&&&&&&&&&&&&&&

**മനുഷ്യാവകാശ കമ്മീഷൻ**

തിരുവനന്തപുരത്ത് പാർവതി പുത്തനാറിലും അനുബന്ധ കനാലുകളിലുമുള്ള മാലിന്യങ്ങൾ നീക്കി മഴക്കാല പൂർവ ശുചീകരണം ഉടനടി നടത്തണമെന്ന് മനുഷ്യാവകാശ കമ്മീഷൻ. ജില്ലാ കളക്ടറുടെ നേതൃത്വത്തിൽ ഉദ്യോഗസ്ഥതല സമിതി രൂപീകരിച്ച് നടപടികൾ കാര്യക്ഷമമാക്കണമെന്ന് ചെയർപേഴ്സൺ ജസ്റ്റിസ് അലക്സാണ്ടർ തോമസ് ഉത്തരവിട്ടു.

കുളവാഴകൾ കാരണം ഒഴുക്ക് നിലച്ച ആക്കുളം – വേളി

കായലിൽ വെള്ളപ്പൊക്കം ഒഴിവാക്കുന്നതിനുള്ള നടപടികൾക്കായി ജില്ലാ കളക്ടർ ബന്ധപ്പെട്ടവരുടെ യോഗം വിളിക്കണമെന്നും കമ്മീഷൻ ആവശ്യപ്പെട്ടു.

&&&&&&&&&&&&&&&&&&

**അമ്പലമുക്ക് കൊലക്കേസ് വിധി**

തിരുവനന്തപുരം അമ്പലമുക്കിലെ അലങ്കാരച്ചെടി വിൽപ്പനശാലയിലെ ജീവനക്കാരി വിനീതയെ കൊലപ്പെടുത്തിയ കേസിൽ പ്രതി രാജേന്ദ്രൻ കുറ്റക്കാരൻ. തിരുവനന്തപുരം ഏഴാം അഡീഷണൽ ജില്ലാ സെഷൻസ് കോടതിയാണ് കേസിൽ ഇയാൾ കുറ്റക്കാരനാണെന്ന് കണ്ടെത്തിയത്.

RNU TVPM

&&&&&&&&&&&&&&&&&&

**വിഷു- ഈസ്റ്റർ സഹകരണ വിപണി**

സംസ്ഥാന സഹകരണ വകുപ്പിന്റെ നേതൃത്വത്തിൽ കൺസ്യൂമർഫെഡ് മുഖേന നടത്തുന്ന ഇക്കൊല്ലത്തെ വിഷു- ഈസ്റ്റർ സഹകരണ വിപണികളുടെ സംസ്ഥാനതല ഉദ്ഘാടനം നാളെ തിരുവനന്തപുരത്ത് മന്ത്രി വി എൻ വാസവൻ നിർവഹിക്കും. ഏപ്രിൽ 12 മുതൽ 21 വരെയാണ് വിഷു- ഈസ്റ്റർ സബ്സിഡി വിപണി സജ്ജീകരിച്ചിരിക്കുന്നത്.

&&&&&&&&&&&&&&&&&&

&&&&&&&&&&&&&&&&&&

&&&&&&&&&&&&&&&

&&&&&&&&&&&&

&&&&&&&&

&&&&&&&

&&&&&&

&&&&

&&&

&&

&

RNU TVPM